# മൂലകോശ സംഭരണ നിരക്ക് കുറച്ചു

കൊച്ചി: മൂലകോശ സംഭരണ നിരക്ക് ഗണ്യമായി വെട്ടിക്കുറക്കാൻ ലൈഫ്സെൽ തീരുമാനിച്ചു. മൂലകോശ സംഭരണം കൂടുതൽ പേർക്ക് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കമ്പനിയുടെ അഞ്ചാം വാർഷികം പ്രമാണിച്ച് നിരക്ക് കുറച്ചതെന്ന് ലൈഫ് സെൽ ഇന്റർനാഷണൽ പ്രസിഡന്റും എക്സി. ഡയറക്ടറുമായ മയൂർ അഭയ പറഞ്ഞു.

പൊക്കിൾ കൊടി രക്ത മൂലകോശം ഒരു വർഷം സൂക്ഷിക്കുന്നതിനുള്ള ഫീസ് 79,000 രൂപയിൽ നിന്ന് 59,900 രൂപയായി കുറച്ചു. തുടക്കത്തിൽ 36,000 രൂപ അടക്കുകയാണെങ്കിൽ 20 വർഷത്തേക്ക് പ്രതിവർഷം 2000 രൂപ വെച്ച് നൽകിയാൽ മതി.